# 152/2014 - M

1. 'കുടുംബശ്രീ' പദ്ധതി നിലവിൽ വന്ന വർഷം :

   (A) 2001 (B) 1998 (C) 2006 (D) 1996

2. 2013 -ലെ മികച്ച നടനുള്ള ഭരത് അവാർഡ് ജേതാവ് :

   (A) പ്രകാശ് രാജ് (B) സലീം കുമാർ
   (C) നസീറുദ്ദീൻ ഷാ (D) സുരാജ് വെഞ്ഞാറമൂട്

3. ISRO -യുടെ ചെയർമാൻ :

   (A) ഡോ. കസ്തൂരി രംഗൻ (B) ഡോ. മാധവൻ നായർ
   (C) ഡോ. കെ. രാധാകൃഷ്ണൻ (D) ഡോ. കെ.എസ്. രാധാകൃഷ്ണൻ

4. കേരളത്തിൽ പ്രതിശീർഷ വരുമാനം കൂടുതലുള്ള ജില്ല :

   (A) എറണാകുളം (B) കോഴിക്കോട് (C) തൃശൂർ (D) തിരുവനന്തപുരം

5. 'ടാനിൻ' ഏതു വ്യവസായത്തിൽ നിന്നും ലഭിക്കുന്ന ഉല്പന്നമാണ് ?

   (A) റബ്ബർ (B) കശുവണ്ടി (C) പ്ലാസ്റ്റിക് (D) രാസവളം

6. കോട്ടയ്ക്കൽ ശിവരാമൻ കഥകളിയുടെ ഏതു മേഖലയിലാണ് പ്രശസ്തനായത് ?

   (A) വേഷം (B) ചെണ്ട (C) സംഗീതം (D) മദ്ദളം

7. അന്താരാഷ്ട്ര ക്രിക്കറ്റിൽ സെഞ്ച്വറിയിൽ സെഞ്ച്വറി നേടിയ ഏകതാരം :

   (A) സുനിൽ ഗാവസ്കർ (B) റിക്കി പോണ്ടിങ്ങ്
   (C) സച്ചിൻ ടെൻഡുൽക്കർ (D) ബ്രയൻ ലാറ

8. ലോക സഭയിലേക്ക് ഒരു പ്രതിനിധിയെ മാത്രം അയക്കാൻ കഴിയുന്ന ഇന്ത്യൻ സംസ്ഥാന- ങ്ങളുടെ എണ്ണം :

   (A) 1 (B) 2 (C) 3 (D) 4

9. ഇന്ത്യയിലെ ആദ്യത്തെ ടെക്നോ പാർക്ക് സ്ഥിതി ചെയ്യുന്ന നഗരം :

   (A) തിരുവനന്തപുരം (B) ബാംഗ്ലൂർ
   (C) ഹൈദരാബാദ് (D) ചെന്നൈ

10. ഇന്ത്യൻ സ്പോർട്സിലെ 'ഗോൾഡൻ ഗേൾ' എന്നറിയപ്പെടുന്നതാര് ?
   (A) അഞ്ജലി ഭഗവത്
   (B) P.T. ഉഷ
   (C) സാനിയ മിർസ
   (D) സൈന നെഹ്‌വാൾ

11. ഇന്ത്യയുടെ തെക്കു ഭാഗത്തു കിടക്കുന്ന അയൽ രാജ്യം :
   (A) ബംഗ്ലാദേശ് (B) ചൈന (C) പാക്കിസ്ഥാൻ (D) ശ്രീലങ്ക

12. 'നൈനിറ്റാൾ' എന്ന ടൂറിസ്റ്റ് കേന്ദ്രം ഏത് സംസ്ഥാനത്തിലാണ് ?
   (A) ഉത്തർ പ്രദേശ് (B) തമിഴ്നാട് (C) പഞ്ചാബ് (D) രാജസ്ഥാൻ

13. ഇന്ത്യൻ എയർലൈൻസിന്റെ ആസ്ഥാനം എവിടെ ?
   (A) മുംബൈ (B) ന്യൂഡൽഹി (C) ബാംഗ്ലൂർ (D) ഹൈദ്രാബാദ്

14. ത്രിപുരയുടെ ഔദ്യോഗിക ഭാഷ ഏത് ?
   (A) ഹിന്ദി (B) കൊങ്കണി (C) ബംഗാളി (D) ഉർദു

15. ഇന്ത്യൻ അണുശാസ്ത്രത്തിന്റെ പിതാവ് :
   (A) ഹോമി. ജെ. ഭാഭ (B) സി.വി. രാമൻ (C) ആര്യ ഭടൻ (D) S. ചന്ദ്രശേഖർ

16. ഏറ്റവുമധികം കടൽത്തീരമുള്ള ഇന്ത്യൻ സംസ്ഥാനം :
   (A) കേരളം (B) ഒറീസ്സ (C) ഗുജറാത്ത് (D) തമിഴ്നാട്

17. ഭാഭാ ആറ്റോമിക് റിസർച്ച് സെന്റർ സ്ഥിതി ചെയ്യുന്നത് :
   (A) തിരുവനന്തപുരം
   (B) ട്രോംബെ (മുംബൈ)
   (C) ശ്രീഹരിക്കോട്ട
   (D) കൊൽക്കത്ത

18. ഇന്ത്യയുടെ ആദ്യ ഉപഗ്രഹമായ ആര്യഭട്ട വിക്ഷേപിച്ച വർഷം :
   (A) 1969 (B) 1975 (C) 1979 (D) 2001

19. ഇന്ത്യയിലെ ആദ്യത്തെ വർത്തമാന പത്രം :
   (A) ഇന്ത്യൻ എക്സ്പ്രസ്
   (B) ബംഗാൾ ഗസറ്റ്
   (C) മലയാള മനോരമ
   (D) മാതൃഭൂമി

20. ഇന്ത്യയുടെ ഉപഗ്രഹ വിക്ഷേപണ നിലയമായ ശ്രീഹരിക്കോട്ട ഏതു സംസ്ഥാനത്തിലാണ് ?

(A) ആന്ധ്രാ പ്രദേശ് (B) കേരളം (C) കർണ്ണാടക (D) ഗോവ

21. ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യ സമരം പൊട്ടിപ്പുറപ്പെട്ടത് :

(A) പാറ്റ്ന (B) ജയ്പ്പൂർ (C) ആഗ്ര (D) മീററ്റ്

22. ഇന്ത്യൻ നേഷണൽ കോൺഗ്രസ്സിന്റെ ആദ്യത്തെ പ്രസിഡന്റ് :

(A) മഹാത്മാ ഗാന്ധി (B) ജവഹർലാൽ നെഹ്റു

(C) W. C. ബാനർജി (D) സർദാർ വല്ലഭായി പട്ടേൽ

23. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ബ്രിട്ടന്റെ പ്രധാനമന്ത്രി :

(A) മാർഗരറ്റ് താച്ചർ (B) ക്ലമൻ്റ് ആറ്റ്‌ലി

(C) വിൻസ്റ്റൻ ചർച്ചിൽ (D) മൗണ്ട് ബാറ്റൻ

24. ആദ്യമായി ബ്രിട്ടീഷ് പാർലമെന്റിൽ അംഗമായ ഇന്ത്യക്കാരൻ :

(A) രവീന്ദ്രനാഥ ടാഗോർ (B) രാജാറാം മോഹൻ റായ്

(C) മഹാത്മാ ഗാന്ധി (D) അംബേദ്കർ

25. സതി, ജാതിവ്യവസ്ഥ, ബാല്യവിവാഹം എന്നിവയ്ക്കെതിരെ സമരം നടത്തിയ പ്രസ്ഥാനം ഏതായിരുന്നു ?

(A) ആര്യ സമാജം (B) ബ്രഹ്മ സമാജം

(C) ഹോം റൂൾ പ്രസ്ഥാനം (D) തിയോസഫിക്കൽ സൊസൈറ്റി

26. പാക്കിസ്ഥാൻ എന്ന ആശയം ആദ്യമായി അവതരിപ്പിച്ച വ്യക്തി ആര് ?

(A) മുഹമ്മദലി ജിന്ന (B) റഹ്മത്ത് അലി

(C) മൗലാന അബ്ദുൾ കലാം ആസാദ് (D) ഖാൻ അബ്ദുൾ ഗഫർഖാൻ

27. 'ഇന്ത്യയെ കണ്ടെത്തൽ' എന്ന കൃതി രചിച്ചതാര് ?

(A) ഗാന്ധിജി (B) ജവഹർലാൽ നെഹ്റു

(C) വല്ലഭായി പട്ടേൽ (D) ടാഗോർ

28. ജാലിയൻ വാലാബാഗ് കൂട്ടക്കൊലയ്ക്ക് നേതൃത്വം നൽകിയതാര് ?

(A) ജനറൽ ഡയർ (B) മൗണ്ട് ബാറ്റൻ (C) ഇർവിൻ പ്രഭു (D) ഡൽഹൗസി പ്രഭു

29. 'വാഗൺ ട്രാജഡി' -യിൽ മരിച്ച ഭടൻമാർ ഏത് സമരത്തിൽ പങ്കെടുത്തവരാണ് ?

(A) ക്വിറ്റ് ഇന്ത്യ (B) നിസ്സഹകരണം (C) ദണ്ഡി യാത്ര (D) ഖിലാഫത്ത്

30. സ്വാതന്ത്ര്യം ലഭിച്ചതിനു ശേഷമുള്ള ഇന്ത്യയുടെ പ്രധാന പ്രതിസന്ധി എന്തായിരുന്നു ?

(A) ജാതിവ്യവസ്ഥ (B) ദാരിദ്ര്യവും പട്ടിണിയും

(C) വർഗ്ഗീയ ലഹള (D) ഭരണഘടനാ നിർമ്മാണം

31. ഇന്ത്യയുടെ ദേശീയ കായിക ഇനം :

(A) ഫുട്ബോൾ (B) ടെന്നീസ് (C) ക്രിക്കറ്റ് (D) ഹോക്കി

32. ഒന്നാം പഞ്ചവത്സര പദ്ധതി നിലവിൽ വന്ന വർഷം :

(A) 1947 (B) 1950 (C) 1951 (D) 1956

33. മൗലിക അവകാശങ്ങളുടെ ശില്പി എന്നറിയപ്പെടുന്നത് :

(A) B.R. അംബേദ്കർ (B) വല്ലഭായി പട്ടേൽ

(C) ജവഹർലാൽ നെഹ്റു (D) മഹാത്മാ ഗാന്ധി

34. ഗവർണ്ണറുടെ അഭാവത്തിൽ അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നത് :

(A) രാഷ്ട്രപതി (B) മുഖ്യമന്ത്രി

(C) ഹൈക്കോടതി ചീഫ് ജസ്റ്റീസ് (D) സുപ്രീം കോടതി ചീഫ് ജസ്റ്റീസ്

35. മനുഷ്യാവകാശ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന ആംനെസ്റ്റി ഇന്റർനാഷനലിന്റെ ആസ്ഥാനം :

(A) ന്യൂയോർക്ക് (B) പാരീസ് (C) ടോക്കിയോ (D) ലണ്ടൻ

36. ഇന്ത്യയിലെ പരമോന്നത സിവിലിയൻ ബഹുമതി :

(A) ഭാരതരത്നം (B) പത്മശ്രീ (C) ജ്ഞാന പീഠം (D) ദ്രോണാചാര്യ

37. നോബൽ സമ്മാനം നേടിയ ആദ്യ ഇന്ത്യക്കാരൻ :

(A) ബങ്കിം ചന്ദ്ര ചാറ്റർജി (B) സുബ്രഹ്മണ്യ ഭാരതി

(C) രവീന്ദ്രനാഥ ടാഗോർ (D) S. ചന്ദ്രശേഖർ

38. രാജ്യത്തിന്റെ സർവ്വസൈന്യാധിപനും തലവനും ആരാണ് ?

(A) പ്രധാന മന്ത്രി (B) രാഷ്ട്രപതി

(C) സുപ്രീം കോടതി ചീഫ് ജസ്റ്റീസ് (D) പ്രതിരോധ മന്ത്രി

39. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം :

(A) ചൈന (B) അമേരിക്ക (C) ഇന്ത്യ (D) റഷ്യ

40. സുപ്രീം കോടതി ചീഫ് ജസ്റ്റീസിനെ നിയമിക്കുന്നതാര് ?

(A) പ്രധാനമന്ത്രി

(B) പ്രസിഡന്റ്

(C) കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ

(D) ജനങ്ങൾ

41. കേരളത്തിൽ ഒരു ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജലവൈദ്യുത പദ്ധതി :

(A) മലമ്പുഴ (B) ഉറുമി (C) മീൻവല്ലം (D) ചെമ്പുകടവ്

42. ഏറ്റവും കൂടുതൽ ജലവൈദ്യുത പദ്ധതികൾ ഉള്ള കേരളത്തിലെ നദി :

(A) ചാലക്കുടിപ്പുഴ (B) ഭാരതപ്പുഴ (C) പെരിയാർ (D) പമ്പ

43. മലപ്പുറം ജില്ലയിൽ വരുന്ന മത്സ്യ ബന്ധന തുറമുഖം :

(A) ബേപ്പൂർ (B) തിരൂർ (C) പൊന്നാനി (D) നീണ്ടകര

44. താഴെ പറയുന്നവയിൽ പാലക്കാട് ജില്ലയിലൂടെ ഒഴുകുന്ന നദി :

(A) കബനി (B) ഭവാനി (C) പാമ്പാർ (D) ചിന്നാർ

45. കേരളത്തിലെ മയിൽ സംരക്ഷണ കേന്ദ്രം :

(A) അട്ടപ്പാടി (B) തട്ടേക്കാട് (C) ചൂലന്നൂർ (D) മയിലാടും പാറ

46. മുല്ലപ്പെരിയാർ ഡാം ഉദ്ഘാടനം ചെയ്ത വർഷം :
(A) 1956 (B) 1895 (C) 1885 (D) 1905

47. താഴെ പറയുന്നവയിൽ കേരളത്തിലൂടെ കൂടുതൽ ദൂരമൊഴുകുന്ന നദി :
(A) കബനി (B) ഭവാനി (C) പാമ്പാർ (D) നെയ്യാർ

48. കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന കേരള താലൂക്ക് :
(A) നിലമ്പൂർ (B) മാനന്തവാടി
(C) സുൽത്താൻ ബത്തേരി (D) വൈത്തിരി

49. ഒരു മരത്തിന്റെ പേരിൽ അറിയപ്പെടുന്ന വന്യജീവി സങ്കേതം :
(A) പീച്ചി (B) തോൽപ്പെട്ടി (C) ചെന്തുരുണി (D) മുത്തങ്ങ

50. കേരളത്തിൽ ജനസംഖ്യാ വളർച്ചാ നിരക്ക് ഏറ്റവും കുറവായ ജില്ല :
(A) എറണാകുളം (B) മലപ്പുറം (C) പത്തനംതിട്ട (D) തിരുവനന്തപുരം

51. കേരളത്തിലെ സംഗീതജ്ഞനായ രാജാവ് :
(A) സ്വാതി തിരുനാൾ (B) സാമൂതിരി
(C) മാർത്താണ്ഡവർമ്മ (D) പഴശ്ശിരാജ

52. കേരളത്തിലെ ഏറ്റവും വിസ്തീർണ്ണമുള്ള ജില്ല :
(A) മലപ്പുറം (B) വയനാട് (C) പാലക്കാട് (D) കൊല്ലം

53. ചാന്നാർ ലഹള എന്തിനുവേണ്ടിയായിരുന്നു ?
(A) ജാതീയതയ്ക്ക് എതിരായി
(B) മാന്യമായി വസ്ത്രം ധരിക്കുന്നതിനുള്ള അവകാശത്തിനായി
(C) വോട്ടവകാശത്തിനുവേണ്ടി
(D) വിദ്യഭ്യാസ അവകാശത്തിനുവേണ്ടി

54. കേരള ഗാന്ധി എന്ന് അറിയപ്പെടുന്നതാര് ?
(A) ശ്രീനാരായണഗുരു (B) ചട്ടമ്പി സ്വാമികൾ
(C) കെ. കേളപ്പൻ (D) മന്നത്ത് പത്മനാഭൻ

55. ഹരിജനങ്ങൾക്ക് സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടി പ്രക്ഷോഭം സംഘടിപ്പിച്ച നേതാവ് :
(A) ഇ.എം.എസ്. നമ്പൂതിരിപ്പാട് (B) അയ്യങ്കാളി
(C) വി.ടി. ഭട്ടതിരിപ്പാട് (D) കുമാരഗുരു

56. പുന്നപ്ര വയലാർ സമരം നടന്ന വർഷം :
(A) 1946 (B) 1938 (C) 1942 (D) 1947

57. ചട്ടമ്പി സ്വാമികളുടെ ജന്മദിനം :
(A) സെപ്റ്റംബർ-5 (B) ആഗസ്റ്റ്-15 (C) ജൂൺ-5 (D) ഒക്ടോബർ-24

58. കേരള കലാമണ്ഡലം സ്ഥാപിച്ചത് ആര് ?
(A) കുമാരനാശാൻ
(B) ഉള്ളൂർ. എസ്. പരമേശ്വരയ്യർ
(C) വള്ളത്തോൾ നാരായണ മേനോൻ
(D) M.T. വാസുദേവൻ നായർ

59. ഗാന്ധിജിയുടെ ആദ്യ കേരള സന്ദർശനത്തിന്റെ ഉദ്ദേശം എന്തായിരുന്നു ?
(A) ക്ഷേത്ര പ്രവേശന സമരപ്രചരണം
(B) ഖിലാഫത്ത് സമരപ്രചരണം
(C) നിസ്സഹകരണ സമരപ്രചാരണം
(D) ഉപ്പുസത്യാഗ്രഹ പ്രചരണം

60. 1957- ലെ കേരള നിയമസഭയുടെ മുഖ്യമന്ത്രി :
(A) സി. അച്യുത മേനോൻ (B) V.R. കൃഷ്ണയ്യർ
(C) ജോസഫ് മുണ്ടശ്ശേരി (D) ഇ.എം.എസ്. നമ്പൂതിരിപ്പാട്

61. ആകാശത്തിന്റെ നീലനിറത്തിന് കാരണമായ പ്രകാശ പ്രതിഭാസം :
(A) വിസരണം (B) അപവർത്തനം (C) പ്രകീർണനം (D) പ്രതിഫലനം

62. ഉരുളുന്ന ഗ്രഹം എന്നറിയപ്പെടുന്നത് ഏത് ?
(A) നെപ്റ്റ്യൂൺ (B) ശനി (C) യുറാനസ് (D) വ്യാഴം

63. താഴെ പറയുന്നതിൽ ഏതിലാണ് തന്മാത്രകൾക്ക് എറ്റവും കൂടുതൽ ഗതികോർജ്ജമുള്ളത് ?
(A) ഖരങ്ങളിൽ (B) ലായനികളിൽ (C) ദ്രാവകങ്ങളിൽ (D) വാതകങ്ങളിൽ

64. ലെഡ് ലോഹം ആവർത്തന പട്ടികയിൽ ഏത് കുടുംബത്തിൽ പെടുന്നു ?

(A) ഹാലജൻ കുടുംബം (B) കാർബൺ കുടുംബം

(C) നൈട്രജൻ കുടുംബം (D) ഓക്സിജൻ കുടുംബം

65. ശക്തമായ ഭൂമികുലുക്കത്തിന് തൊട്ട്മുൻപായി ഉണ്ടാകുന്ന ശബ്ദതരംഗങ്ങൾ ഏത് തരത്തിലുള്ളതാണ് ?

(A) ഇൻഫ്രാസോണിക് തരംഗം (B) അൾട്രാസോണിക് തരംഗം

(C) സൂപ്പർ സോണിക് തരംഗം (D) ഗാമാതരംഗം

66. 100 ഡിഗ്രി സെൽഷ്യസ് താപനില എത്ര ഡിഗ്രി ഫാരൻ ഹീറ്റിന് തുല്യമാണ് ?

(A) 273 (B) 373 (C) 312 (D) 212

67. സ്വതന്ത്രമായി ഭൂമിയിലേക്ക് വീണുകൊണ്ടിരിക്കുന്ന ഒരു വസ്തുവിന്റെ സ്ഥിതികോർജം താഴേക്ക് വരുന്നതിനനുസരിച്ച് :

(A) കുറഞ്ഞു വരുന്നു (B) സ്ഥിരമായി നില്ക്കുന്നു

(C) കൂടി വരുന്നു (D) ആദ്യം കുറഞ്ഞ് പിന്നെ കൂടുന്നു

68. രാസവസ്തുക്കളുടെ രാജാവ് എന്നറിയപ്പെടുന്നത് എന്ത് ?

(A) സൾഫ്യൂറിക്കാസിഡ് (B) ഗോൾഡ് സയനൈഡ്

(C) സിൽവർ ക്ലോറൈഡ് (D) സോഡിയം ഹൈഡ്രോക്സൈഡ്

69. പ്രകാശം ഒരു സെക്കന്റ് കൊണ്ട് വായുവിലൂടെ ഏകദേശം എത്ര ദൂരം സഞ്ചരിക്കും ?

(A) 5 ലക്ഷം കിലോമീറ്റർ (B) 1 ലക്ഷം കിലോമീറ്റർ

(C) 3 ലക്ഷം കിലോമീറ്റർ (D) 2 ലക്ഷം കിലോമീറ്റർ

70. ഒരു വസ്തുവിന് ഭൂമിയിൽ ഏറ്റവും കൂടുതൽ ഭാരം അനുഭവപ്പെടുന്നത് എവിടെ വെക്കുമ്പോഴാണ് ?

(A) ഭൂകേന്ദ്രത്തിൽ (B) അന്തരീക്ഷത്തിൽ

(C) ഭൂമധ്യ രേഖയിൽ (D) ധ്രുവങ്ങളിൽ

71. ഏറ്റവും വലിയ ജ്ഞാനേന്ദ്രിയം :

(A) കണ്ണ് (B) ത്വക്ക് (C) ചെവി (D) മൂക്ക്

72. ഡോട്ട്സ് (DOTS - Directly Observed Treatment Short Course) ഏത് രോഗചികിത്സയുമായി ബന്ധപ്പെട്ടിരിക്കുന്നു ?

(A) മലേറിയ (B) ചിക്കൻ പോക്സ്

(C) ക്ഷയം (D) മഞ്ഞപ്പിത്തം

73. എയ്ഡ്സിനു കാരണമായ സൂക്ഷ്മ ജീവി :

(A) വൈറസ് (B) ബാക്ടീരിയ (C) ഫംഗസ് (D) ഇവയൊന്നുമല്ല

74. കേരളത്തിലെ കുരുമുളക് ഗവേഷണ കേന്ദ്രം സ്ഥിതി ചെയ്യുന്നത് എവിടെ ?

(A) മങ്കൊമ്പ് (B) പാലോട് (C) പന്നിയൂർ (D) കായംകുളം

75. ഏത് വിറ്റാമിന്റെ കുറവു കൊണ്ടാണ് നിശാന്ധത ഉണ്ടാകുന്നത് ?

(A) വിറ്റാമിൻ B (B) വിറ്റാമിൻ A (C) വിറ്റാമിൻ D (D) വിറ്റാമിൻ C

76. അന്തകവിത്ത് നിരോധിച്ചിട്ടുള്ള രാജ്യങ്ങൾ ഏതെല്ലാം ?

(A) ഇറാൻ, ഇറാക്ക് (B) ചൈന, മലേഷ്യ

(C) ഇന്ത്യ, അമേരിക്ക (D) ഇന്ത്യ, ബ്രസീൽ

77. കണ്ടൽ വനങ്ങൾ ഏറ്റവും കൂടുതലായി കാണപ്പെടുന്ന കേരളത്തിലെ ജില്ല ?

(A) കൊല്ലം (B) ആലപ്പുഴ (C) എറണാകുളം (D) കണ്ണൂർ

78. കേരളത്തിന്റെ നെല്ലറ എന്നറിയപ്പെടുന്നത് :

(A) കുട്ടനാട് (B) പാലക്കാട് (C) വയനാട് (D) ഇവയൊന്നുമല്ല

79. മനുഷ്യ ശരീരത്തിലെ ഏറ്റവും കടുപ്പം കൂടിയ വസ്തു ഏത് ?

(A) തുടയെല്ല് (B) കണ്ണിലെ ലെൻസ്

(C) ചെവിയിലെ അസ്ഥി (D) ഇനാമൽ

80. ലോക പരിസ്ഥിതി ദിനം :

(A) സെപ്തംബർ 5 (B) ജൂലൈ 11 (C) ജൂൺ 5 (D) മാർച്ച് 8

81. $\frac{1}{12} - \frac{1}{30} = ?$

(A) $\frac{1}{60}$ (B) $\frac{1}{18}$ (C) $\frac{1}{20}$ (D) $\frac{1}{360}$

82. കൂട്ടത്തിൽപ്പെടാത്തത് ഏത് ?

(A) $\frac{16}{10}$ (B) $\frac{5}{8}$ (C) $1\frac{3}{5}$ (D) $\frac{8}{5}$

83. $20 - 8\frac{3}{5} - 9\frac{4}{5} = ?$

(A) $2\frac{3}{5}$ (B) $3\frac{1}{5}$ (C) $3\frac{2}{5}$ (D) $1\frac{3}{5}$

84. ഒരു ടീമിലെ പന്ത്രണ്ട് കളിക്കാരുടെ ശരാശരി പ്രായം 24. ഇതിൽ 8 പേരുടെ ശരാശരി പ്രായം 22. എങ്കിൽ ശേഷിക്കുന്ന 4 പേരുടെ ശരാശരി പ്രായം എത്ര ?

(A) 25 (B) 24 (C) 28 (D) 27

85. ഒരാൾ രണ്ട് മണിക്കൂർ ബസ്സിലും മൂന്ന് മണിക്കൂർ ട്രെയിനിലും യാത്ര ചെയ്തു. ബസ്സിന്റെ ശരാശരി വേഗത മണിക്കൂറിൽ 40 കിലോമീറ്ററും ട്രെയിനിന്റേത് മണിക്കൂറിൽ 70 കിലോമീറ്ററും ആയിരുന്നുവെങ്കിൽ അയാളുടെ യാത്രയുടെ ശരാശരി വേഗത എത്ര ?

(A) 58 (B) 52 (C) 60 (D) 55

86. $12^2 = 144$ ആയാൽ $\sqrt{1.44}$ ന്റെ വിലയെത്ര ?

(A) 1.02 (B) 1.2 (C) 0.12 (D) 12

87. $16.16 \div 0.8 = ?$

(A) 2.2 (B) 20.2 (C) 22 (D) 2.02

88. 5000 രൂപയ്ക്ക് വാങ്ങിയ ഒരു സൈക്കിൾ 4400 രൂപയ്ക്ക് വിറ്റാൽ നഷ്ട ശതമാനം എത്ര ?

(A) 60 (B) 14 (C) 12 (D) 6

89. $2 + 2 \times 2 - 2 \div 2$ -ന്റെ വിലയെത്ര ?

(A) 5 (B) 4 (C) 3 (D) 2

90. ഒരാൾ ഒരു സ്ഥലത്ത് നിന്ന് മറ്റൊരിടത്തേക്ക് മണിക്കൂറിൽ 45 കിലോമീറ്റർ വേഗതയുള്ള കാറിൽ 8 മണിക്കൂർ യാത്ര ചെയ്തു. തിരിച്ച് മണിക്കൂറിൽ 40 കിലോമീറ്റർ വേഗതയിലാണ് യാത്ര ചെയ്തതെങ്കിൽ മടക്കയാത്രയ്ക്കെടുത്ത സമയം എത്ര മണിക്കൂർ ?

(A) 9 (B) 7 (C) 11 (D) 10

91. ONE എന്ന വാക്ക് 853 എന്നും FIVE എന്ന വാക്ക് 6493 എന്നും എഴുതിയാൽ NINE എന്ന വാക്ക് എങ്ങനെ എഴുതാം ?

(A) 8546 (B) 5453 (C) 9548 (D) 4536

92. വിട്ടുപോയ ചിഹ്നങ്ങൾ ചേർത്ത് സമവാക്യം പൂർത്തിയാക്കുക.

$(42 + 38) \div 5 = 16$

(A) +, − (B) −, × (C) +, ÷ (D) −, ÷

93. താഴെ കൊടുത്തിരിക്കുന്നവയിൽ മറ്റുള്ളവയിൽ നിന്ന് വേറിട്ട് നിൽക്കുന്നതേത് ?

(A) സമചതുരം (B) മട്ടകോൺ (C) ചതുരം (D) ത്രികോണം

94. റോഡ് : കിലോമീറ്റർ : : പഞ്ചസാര : ?

(A) കിലോഗ്രാം (B) ലിറ്റർ (C) ഗ്രാം (D) മധുരം

95. ശ്രേണിയിലെ അടുത്ത പദമേത് ?

2, 5, 10, 17, ..........

(A) 24 (B) 27 (C) 25 (D) 26

96. ഒരു വരിയിൽ ഇടതുനിന്നും പതിമൂന്നാമതാണ് രമയുടെ സ്ഥാനം. ആ വരിയിൽ വലതു നിന്നും അഞ്ചാമതാണ് സുമയുടെ സ്ഥാനം. ഇവരുടെ മധ്യത്തിലാണ് മിനിയുടെ സ്ഥാനം. ഇടതു നിന്നും പതിനേഴാമതാണ് മിനി നിൽക്കുന്നതെങ്കിൽ ആ വരിയിൽ എത്ര പേരുണ്ട് ?

(A) 25 (B) 18 (C) 19 (D) 22

97. $\frac{1}{100} \times 0.1 \times \frac{1}{10}$ -ന്റെ വിലയെത്ര ?

(A) 0.1000 (B) 0.0100 (C) 0.001 (D) 0.0001

98. അൻവറിനേക്കാൾ മൂന്ന് വയസ്സ് കൂടുതലാണ് രാജുവിന്. രാജുവിനേക്കാൾ രണ്ട് വയസ്സ് കുറവാണ് ബേസിലിന്. ബേസിലിനേക്കാൾ എത്ര വയസ്സ് കുറവാണ് അൻവറിന് ?

(A) 3 (B) 2 (C) 1 (D) 4

99. BDE, EGH, HJK, _ _ _ ഈ ശ്രേണിയിലെ അടുത്ത പദമേത് ?

(A) JLM (B) KLM (C) JMN (D) KMN

100. ചുവടെ കൊടുത്തിരിക്കുന്നവയിൽ ശരിയായ വാക്യം ഏത് ?

(A) കള്ളനെ പിടിച്ച പോലീസുകാർ കോടതിയിൽ ഹാജരാക്കി

(B) കോടതിയിൽ ഹാജരാക്കിയ കള്ളനെ പോലീസുകാർ പിടിച്ചു

(C) കോടതിയിൽ ഹാജരാക്കിയ പോലീസുകാർ കള്ളനെ പിടിച്ചു

(D) പോലീസുകാർ പിടിച്ച കള്ളനെ കോടതിയിൽ ഹാജരാക്കി

- o 0 o -